(ബി) റവന്യൂ കമ്മി ഗ്രാന്റ് ധനകാര്യ കമ്മീഷൻ അവാർഡ് ചെയ്ത പ്രകാരം ലഭിക്കാനർഹതയുണ്ടായിരുന്ന തുക എത്ര ; 2015-16-ന് എത്രയായിരുന്നു അർഹതയുണ്ടായിരുന്നത് ; ലഭിച്ചത് എത്ര ;

(സി) അതിന്റെ ഭാഗമായി റവന്യൂ കമ്മിയിൽ എത്ര കുറവ് വരുകയുണ്ടായി ; 2015 -16-ൽ റവന്യൂ കമ്മി എത്ര കോടി ആയിരിക്കുമെന്നാണ് ബഡ്ജറ്റിൽ കണക്കാക്കിയിരുന്നത് ; അത് എത്രയായിതീർന്നിട്ടുണ്ട് ?

<u>ഉത്തരം</u>

(എ) 2015-16, 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിലേയ്ക്ക് മാത്രമായി കേരള സംസ്ഥാനത്തിനായി വകയിരുത്തിയിരിക്കുന്ന റവന്യൂ കമ്മി ഗ്രാന്റ് ലഭിക്കുന്നതിലേയ്ക്കായി പതിനാലാം ധനകാര്യ കമ്മീഷൻ പ്രത്യേകിച്ച് വ്യവസ്ഥകളൊന്നും നിർദ്ദേശിച്ചിട്ടില്ല.

(ബി) റവന്യൂ കമ്മി ഗ്രാന്റ്, ധനകാര്യ കമ്മീഷൻ അവാർഡ് ചെയ്ത പ്രകാരം ലഭിക്കാനർഹതയുണ്ടായിരുന്ന തുക 9519 കോടി രൂപയാണ്. 2015-16-ന് 4640 കോടി രൂപ അർഹതയുണ്ടായിരുന്നു. ഇതിൽനിന്നും 2015 നവംബർ വരെ 3093.36 കോടിരൂപ ലഭിച്ചിട്ടുണ്ട്.

(സി) പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശയുടെ ഭാഗമായി റവന്യൂ കമ്മിയിലുണ്ടാകുന്ന കുറവ് ഇപ്പോൾ വിലയിരുത്തിയിട്ടില്ല. 2015-16 സാമ്പത്തിക വർഷം അവസാനിക്കുന്നമുറയ്ക്ക് ഇതിന്റെ കണക്കുകൾ കണക്കാക്കുന്നതാണ്. 2015-16-ൽ റവന്യൂ കമ്മി 7831.92 കോടി രൂപ ആയിരിക്കുമെന്നാണ് ബഡ്ജറ്റിൽ കണക്കാക്കിയിരിക്കുന്നത്. അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2015-16 സാമ്പത്തിക വർഷം സെപ്റ്റംബർ വരെ അത് 2594 കോടി രൂപ ആയിത്തീർന്നിട്ടുണ്ട്.

## റവന്യൂ കമ്മി കുറയ്ക്കാൻ നടപടികൾ

**80 (85)** <u>ശ്രീ. സി. കെ. സദാശിവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ കമ്മി കുറച്ച്കൊണ്ട് വരാൻ ഈ സർക്കാർ നടപ്പാക്കിയ ഫലപ്രദമായ ഏതെങ്കിലും നടപടികൾ ഉണ്ടോ; എങ്കിൽ വിശദമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുന്നവർഷം റവന്യൂ കമ്മി എത്രയായിരുന്നു ; അതിപ്പോൾ എത്ര ;

LIBRARY ARCHIVES Kerala Legislative Assembly

(സി) റവന്യൂ കമ്മി പൂജ്യത്തിലെത്തിക്കുമെന്ന് പ്രഖ്യാപിക്കപ്പെട്ട വർഷം ഏതായിരുന്നു ;

(ഡി) ഈ സർക്കാർ ഓരോ വർഷവും എത്ര ശതമാനം വീതം റവന്യൂ കമ്മി കുറച്ച് കൊണ്ടുവരികയുണ്ടായി ?

<u>ഉത്തരം</u>

(എ) റവന്യൂ കമ്മി കുറച്ചുകൊണ്ടുവരാൻ ഈ സർക്കാർ നടപ്പിലാക്കിയ പ്രധാനപ്പെട്ട നടപടികൾ ചുവടെ ചേർക്കുന്നു :

- നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാത്തരം മദ്യം,വൈൻ, ബിയർ, സിഗററ്റ് എന്നിവയിൻമേലുള്ള നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്.
- പെട്രോളിയം ഉത്പന്നങ്ങളുടെ വില കുറയുന്നതിന്റെ ഫലമായി നികുതിയിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് പെട്രോളിന്റെ നികുതി ന്യൂട്രലാക്കി നിർത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.
- ഭൂമിയുടെ ന്യായവില പുനർനിർണ്ണയിച്ചിട്ടുണ്ട്. ഭൂനികുതി,തോട്ടം നികുതി എന്നിവയിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.
- നികുതിയിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ, ആരോഗ്യ വകുപ്പ് ഒഴികെ എല്ലാ വകുപ്പുകളിലും നിലവിലുള്ള യൂസർ ചാർജ്ജുകളും ഫീസുകളും വർദ്ധിപ്പിച്ചിട്ടുണ്ട്.
- നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി കുടിശ്ശികയിൻമേൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധി രഹിത സ്റ്റേകളും പിൻവലിച്ച് ഒരു ലക്ഷത്തിൽ കൂടുതൽ തുകയ്ക്ക് മുകളിൽ സ്റ്റേ അനുവദിക്കുന്ന തിന് ബന്ധപ്പെട്ട വകുപ്പുമന്ത്രിയും ധനമന്ത്രിയും മുഖേന മുഖ്യമന്ത്രിക്ക് ഫയൽ സർക്കുലേറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ഇത്തരത്തിലുള്ള അധിക വിഭവ സമാഹരണ നിർദ്ദേശങ്ങൾ കൂടാതെ ചെലവ് ചുരുക്കലിനുള്ള നിരവധി നിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 2010-11-ൽ സംസ്ഥാനത്തിന്റെ റവന്യൂ കമ്മി 3674 കോടി രൂപയായിരുന്നു. ഇത് 31-10-2015 ൽ 13,795.96 കോടി രൂപയാണ്.

(സി) 2014-15 ൽ റവന്യൂ കമ്മി ഇല്ലാതാക്കണമെന്നാണ് 2011-ലെ കേരള ധന ഉത്തരവാദിത്ത (ഭേദഗതി )നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്നത്.

(ഡി) ക്രമാനുഗതമായി വർദ്ധിച്ചുവരുന്ന പലിശ, ശമ്പളം, പെൻഷൻ, സബ്സിഡികൾ മുതലായ റവന്യൂ ചെലവുകളും, ടാക്സ്-ജി.എസ്.ഡി.പി. വളർച്ചാ നിരക്കിലുള്ള കുറവും കേന്ദ്രവിഹിതത്തിനുള്ള ഗണ്യമായ കുറവും കാരണം റവന്യൂ കമ്മി കുറച്ചുകൊണ്ടുവരാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടില്ല.

## റവന്യൂ കമ്മി നികത്തുന്നതിനുള്ള നടപടി

**81 (86)** ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പതിനാലാം ധനകാര്യ കമ്മീഷന്റെ അവാർഡ് പ്രകാരം റവന്യൂ കമ്മി നികത്തുന്നതിന് ഏതെല്ലാം വർഷങ്ങളിലായി എത്ര തുക വീതം സംസ്ഥാനത്തിന് ലഭിക്കേണ്ടതുണ്ട്; 2015-16-ൽ ലഭിച്ച തുക എത്ര ;

(ബി) കേന്ദ്ര നികുതികളിൽനിന്നുള്ള വിഹിതം 32% ത്തിൽനിന്നും 42% മായി ഉയർത്തിയതിന്റെ ഭാഗമായി 2015-16-ൽ ലഭിച്ച തുക എത്ര ; 2015-16-ൽ മുൻ വർഷത്തേതിനെക്കാൾ എത്ര തുക അധികം ലഭിച്ചു; 2016-17 ൽ പ്രതീക്ഷിക്കുന്നത് എത്ര തുകയാണ്;

(സി) കേന്ദ്ര ഗവൺമെന്റ് ഗ്രാന്റ് ഇൻ എയിഡായി 2015-16-ൽ നൽകിയത് എത്ര തുകയാണ് ; 2014-15 നെക്കാൾ എത്ര തുക കൂടുതൽ ലഭിച്ചു ; 2016-17-ൽ പ്രതീക്ഷിക്കുന്ന തുക എത്ര ;

(ഡി) 2015-16-ൽ കേന്ദ്രാവിഷ്കൃത പദ്ധതി സഹായമായി ലഭിച്ച മൊത്തം തുക എത്ര ; 2014-15 നെക്കാൾ എത്ര തുക കൂടുതൽ ലഭിച്ചു; 2016-17 ൽ പ്രതീക്ഷിക്കുന്ന തുക എത്ര ?

LIBRARY ARCHIVES Kerala Legislative Assembly